# വിഷയവിവരം

**1. വിശ്വരൂപദർശനത്തിലെ സത്യവും മിഥ്യയും** 1
അർജുനനെ അദ്ഭുതസ്തബ്ധനാക്കിയ കൃഷ്ണവിഭൂതി
ജിജ്ഞാസുവിന് മുന്നറിയിപ്പ് മോഹതരണം വിഷമകരം
ക്രിയാത്മകസന്ദേശത്തിന് ചിത്രാവതരണശൈലിയും

**2. വിശ്വരൂപദർശനസന്ദേശം** 11
കൃഷ്ണന്റെ സദ്ഗുരുദൗത്യം
സംഹാരം സൃഷ്ടിയ്ക്ക് പൂരകം
അനന്യഭക്തിയേ വിശ്വരൂപദർശനത്തിന് നയിയ്ക്കൂ
പരമതത്ത്വത്തിന് പരമസ്ഥാനം നല്കൽ

**3. ഭക്തി അരുളുന്ന സാഫല്യം** 21
ദ്വിമുഖമായ ഭക്ത്യാനുധാവനം
ഭക്തിപരമായ സാമഞ്ജസ്യം
അക്ഷരധ്യാനത്തോടൊപ്പം പരതത്പരതയും കൂടിയേ തീരൂ
ഈശ്വരോപാസനയും ആത്മതത്ത്വധ്യാനവും
ഭക്തിയിൽ ബുദ്ധിയ്ക്കുള്ള സ്ഥാനം
പരമതത്ത്വം ഭക്തനെ ഉദ്ധരിയ്ക്കുന്നതെങ്ങനെ
വികാരത്തിൽനിന്ന് വിചാരത്തിലേയ്ക്ക്
ഭക്തിയൗന്നത്യം
ജ്ഞാനവും ധ്യാനവും ഭക്തിയുടെ ഉൾപ്പൊരുൾ

**4. ഭക്തനെ ഭഗവാന് പ്രിയങ്കരനാക്കുന്ന ഗുണമേന്മകൾ** 43
ഭക്തി ഉൾവികസനത്തിന് വഴിവെയ്ക്കണം
ഭക്തിയും പെരുമാറ്റസൗഷ്ഠവവും

**5. മനോവിനിയോഗം** 51
ഭക്തിസാധനയിൽ സമ്പർക്കാത്മകകുശലത

**6. ജ്ഞാതാവും ജ്ഞേയവും** 61
ആത്മജ്ഞാനം മനോവേദനകളെ ഒഴിവാക്കുന്നു
വിഷയിവിഷയങ്ങളെ വേർതിരിച്ചറിയൽ
ക്ഷേത്രത്തിൽ 'വിഷയമേഖല'യാകെ ഉൾക്കൊള്ളുന്നു

**7. ആത്മജ്ഞാനത്തിലടങ്ങുന്ന നന്മകൾ** 69
മനസ്സിൽ മികവ് ആവേശിപ്പിയ്ക്കാൻ
അധ്യാത്മജ്ഞാനത്തിന്റെ മികവ്
അലങ്കാരങ്ങൾ സ്വഭാവപരം പെരുമാറ്റപരം സമ്പർക്കപരം

**8. പരമതത്ത്വത്തിന്റെ സ്വഭാവം** 93
സ്വാനുഭവം ഒരു ആന്തരപ്രക്രിയ
അസ്തിത്വത്തിന്റെ സ്രോതസ്സ് തിരഞ്ഞുപിടിയ്ക്കൽ

**9. സാർവജനീനപ്രജ്ഞയെ ഉണരൽ** 99
തത്ത്വാന്വേഷണം ജ്ഞാനസമ്പന്നമത്രെ

**10. അന്തിമതത്ത്വത്തിന്റെ അവിഭാജ്യതയും സാമഞ്ജസ്യവും** 105
സൃഷ്ടിസ്ഥിതിസംഹാരം ബ്രഹ്മത്തിന്റെ ത്രിവിധശക്തി
അറിവത്രേ വിശ്വവിലാസത്തിന്റെ ഉറവിടവും

**11. ജ്ഞാനം മോചിപ്പിയ്ക്കുന്നു** 113
പ്രകൃതിയും പുരുഷനും
ഉള്ളിന്നുള്ളിലെ സാന്നിധ്യം
ഉൾബന്ധങ്ങൾ വിട്ടുകിട്ടാൻ ജ്ഞാനംവേണം

**12. സർവത്ര ഏകദർശനം** 121
ധ്യാനലഗ്നവും വിചാരവ്യഗ്രവും സമ്പർക്കാത്മകവുമായ സാധന
ശ്രവണംമൂലമുള്ള സാധന
ഭേദബുദ്ധിയെ അതിജീവിയ്ക്കൽ

**13. ജ്ഞാനചക്ഷുസ്സ്** 129
അകർതൃത്വം വിശ്വദൃഷ്ടിയ്ക്ക് നയിയ്ക്കുന്നു
അകർതൃത്വംപോലെ അബാധിത്വവും
'വിഷയി'യുടെ ആകാശസമവ്യാപ്തി
പരമജ്ഞാനി പരമതത്ത്വം അടയുന്നു

**14. മനുഷ്യപ്രകൃതി വൈവിധ്യവും അതീതത്വവും** 137
ഗുണത്രയം ഒരു അധ്യാത്മസങ്കല്പം
സത്ത്വരജസ്തമോഗുണങ്ങൾ
അകർതൃത്വബോധം

**15.ഗുണങ്ങളെ അതിജീവിയ്ക്കൽ** 147
അനശ്വരത ഇവിടെ ഇപ്പോൾത്തന്നെ
അതിജീവനപ്രക്രിയ

**16.അശ്വത്ഥം സൃഷ്ടിവൃക്ഷം** 157
അശ്വത്ഥവുമായുള്ള സാദൃശ്യം.
ബന്ധനത്തെ അറിയൽ അശ്വത്ഥദൃഷ്ടാന്തത്തിന്റെ ഉദ്ദേശം

**17.അസംഗം സുശക്തമായ ആയുധം** 165
വിശ്വവൃക്ഷത്തെ മുറിച്ചിടൽ
അനശ്വരതയിലേയ്ക്കുള്ള സരണി

**18.ജീവിതം പരമതത്ത്വസ്ഫുരണം** 173
ജീവനശക്തിയെക്കുറിച്ചുള്ള വിചിന്തനം
തത്ത്വമനനം ജ്ഞാനലബ്ധിയ്ക്ക് നയിയ്ക്കുന്നു

**19.ആത്മജ്ഞാനം പരമതത്ത്വജ്ഞാനംതന്നെ** 181
ശുദ്ധിയിലൂടെയും തിരിച്ചറിവിലൂടെയും അനുധാവനം
ബാഹ്യദൃശ്യങ്ങൾ രചിയ്ക്കുന്ന ശക്തി
ആന്തരസാന്നിധ്യത്തെ പരമസത്യമായി കണ്ടെത്തുക

**20.അന്തിമസംഗമം - ഈശ്വരനും പരമസത്യവും ആത്മാവും** 191
ക്ഷരാക്ഷരപുരുഷന്മാരെ വിട്ട് ഉയരൽ
പുരുഷോത്തമനെ ആത്മാവായി മനസ്സിലാക്കുക

**21.ദിവ്യമായ ഗുണങ്ങൾ** 201
സൃഷ്ടി ഉദാത്തംപോലെ അനുദാത്തവും
ഉദാത്തജനങ്ങളുടെ സ്വഭാവവിശേഷങ്ങൾ
ജ്ഞാനപന്ഥാവിൽ പിടിച്ചുനില്ക്കൽ

**22.ദുഷ്ടവാസനകളെ മെരുക്കിയെടുക്കൽ** 211
ദുഷ്ടസ്വഭാവങ്ങളെ കൈകാര്യംചെയ്യുന്നതെങ്ങനെ
ദ്രോഹപ്രവണത ഉത്തമവീക്ഷണത്തെ മറയ്ക്കുന്നു
നരകത്തിലേയ്ക്കുള്ള മൂന്നു കവാടം

**അനുക്രമണിക** 220

# 1 വിശ്വരൂപദർശനത്തിലെ സത്യവും മിഥ്യയും

## അർജ്ജുനനെ അദ്ഭുതസ്തബ്ധനാക്കിയ കൃഷ്ണവിഭൂതി

കൃഷ്ണന്റെ വിഭൂതിവൈഭവത്താൽ അർജുനൻ എന്തെന്നില്ലാതെ ആകൃഷ്ടനായി. 11-ാം അധ്യായം സുപ്രധാനവും അതിശയാവഹവും മോഹജനകവുമായ ഭാവോജ്ജ്വലതയാണ് പടക്കളസംഭാഷണത്തിനു നല്കുന്നത്. 'വിശ്വരൂപദർശന'മെന്ന തലക്കെട്ടും തുലോം ആശയദീപ്തവും ആശാവഹവുംതന്നെ.

ഭാവനിർഭരവും വർണോജ്ജ്വലവുമായ ഈ അധ്യായം വിവരിയ്ക്കുമ്പോൾ എല്ലാവരും അതിന്റെ ദിവ്യവൈഭവത്താൽ മോഹിതരായിപ്പോകുന്നു. ആവോളം ആശയത്തെളിച്ചവും ആത്മവിശ്വാസവും വേണം, സഞ്ജയൻ ഇവിടെ നല്കുന്ന വിവരണത്തിലെ ഉപരിസത്യങ്ങളും ശാശ്വതസന്ദേശവും ഉൾക്കൊണ്ട് പ്രതിപാദിയ്ക്കാൻ.

കുരുക്ഷേത്രസംവാദം എങ്ങനെ തുടങ്ങി, എവിടെനിന്നാണ് കൃഷ്ണൻ തന്റെ ഉപദേശസിദ്ധാന്തം ആരംഭിച്ചത്, എങ്ങനെയാണ് അനന്തരാധ്യായങ്ങളിൽ അതിലെ തത്ത്വവിചാരധാര വളർത്തിയെടുത്തത്, എന്നൊക്കെ വേണ്ടപോലെ ഗ്രഹിയ്ക്കാനായ മനസ്സിനേ, ദിവ്യവും ദുരൂഹവുമായ സർവഭാവങ്ങളിൽനിന്നും ഉയർന്ന്, ഈ അധ്യായത്തിലെ ശരിയായ അർഥത്തിലേയ്ക്കും സന്ദേശത്തിലേയ്ക്കും നുഴഞ്ഞുചെല്ലാനാകൂ.

പതിനൊന്നാം അധ്യായത്തിൽ പറയുന്നതെല്ലാം അക്ഷരാർഥത്തിൽ എടുക്കേണ്ടതില്ലെന്നു വ്യക്തമാണ്; എന്നാലും ഇതിലെ ശ്ലോകങ്ങൾ അടിസ്ഥാനപരവും അന്തിമവുമായി വെളിപ്പെടുത്തുന്നതെന്തും തുലോം പ്രസക്തവും ഉപയോഗപ്രദവുമാണുതാനും. വിവരണം വൈകാരിക തീവ്രതയുള്ളവർക്കു പോഷണമാകുന്നതുപോലെ, മാസ്മരലോകത്തിന് അധിഷ്ഠാനമായ അന്തിമതത്ത്വത്തിന്റെ ഗാംഭീര്യവും മഹത്ത്വവും പ്രതിഫലിപ്പിയ്ക്കുന്നുമുണ്ട്. ഇതു മനസ്സിൽവെച്ചുകൊണ്ടുവേണം ഇതിലെ ഉള്ളടക്കത്തിലേയ്ക്കും സന്ദേശത്തിലേയ്ക്കും കടക്കാൻ.

കൃഷ്ണൻ പരമതത്ത്വത്തിന്റെ അസീമശക്തി, കുശലോജ്ജ്വലത, വൈഭവപാരമ്യത എന്നിവയെല്ലാം വിവരിച്ചപ്പോൾ, അർജുനൻ അദ്ഭുതപരവശനായി. ഇന്ദ്രിയഗ്രഹണം എത്ര സ്ഥൂലമായിത്തോന്നിയാലും അവാസ്തവവും അവസ്തുനിഷ്ഠവുമാണ് (9.4,5), കൃഷ്ണൻ വ്യക്തമാക്കുന്നു. മായാ മോഹജമായ സൃഷ്ടി എങ്ങനെ വന്നുകൂടും, നിലനില്ക്കും?

പ്രതിബദ്ധതയുള്ള ജിജ്ഞാസുമനസ്സിൽ ഇത്തരം പരിഗണനയാണ് ആദ്യമായി പൊന്തിവരേണ്ടത്; എന്നാൽ അർജുനൻ ഇതിൽ സുപ്രധാന വ്യതിയാനമാണ് രേഖപ്പെടുത്തുന്നത്. കാരണം, മായാരചനയായ വൈഭവങ്ങൾ തന്നെ ആകർഷിയ്ക്കാൻ അർജുനൻ അനുവദിയ്ക്കുന്നു, അവയെ വാസ്തവമായി കാണാൻ അഭിലഷിയ്ക്കയും ചെയ്യുന്നു!

അർജുനൻ തന്റെ മോഹാവസ്ഥ വെളിപ്പെടുത്തി, അഴിവില്ലാത്ത സന്തോഷവും സ്വാതന്ത്ര്യവും കൈവരണമെന്ന് ആവശ്യപ്പെട്ടു. അതേ ശ്വാസത്തിൽ ശ്രേയസ്സെന്നതുകൊണ്ട് താൻ ഉദ്ദേശിയ്ക്കുന്നത് എന്തെന്നും വ്യക്തമാക്കി: 'ഈ ഭൂമിയിൽ ഏകച്ഛത്രാധിപത്യംകൊണ്ട് ഒരു പ്രയോജനവുമില്ല, സ്വർഗത്തിലെ ഇന്ദ്രപദവിയും തുച്ഛംതന്നെ. കാരണം, ഇതിനൊന്നും എന്നെ സർവാംഗം നീറ്റിക്കൊണ്ടിരിയ്ക്കുന്ന ദു:ഖം നീക്കാനാവില്ല (2.8)'.

അർജുനൻ ദൃശ്യലോകസമ്മാനങ്ങളോടും ഭാവനാത്മകമായ സ്വർഗീയ സുഖങ്ങളോടും തികഞ്ഞ വൈമനസ്യം പ്രദർശിപ്പിച്ചിരുന്നു. ചുറ്റുമുള്ള ദൃശ്യപരിലസനം മിഥ്യയാകുന്നുവെന്നും, ദേശകാലങ്ങൾക്ക് അതീതമായ അന്തിമസത്തമാത്രമേ ആശ്രയവും ആശാവഹവുമായുള്ളുവെന്നും അനന്തരം കൃഷ്ണനിൽനിന്നു മനസ്സിലാക്കിക്കഴിഞ്ഞു.

കൃഷ്ണൻ വിവരിച്ച പരമതത്ത്വവൈഭവങ്ങൾ അപ്പോൾ അർജുനമനസ്സിൽ ആകർഷണം രചിയ്ക്കണമോ, അതോ യമധർമരാജൻ നല്കാനുദ്ദേശിച്ച സമ്മാനങ്ങളെ മുഴുവനും നചികേതസ്സ് ഒറ്റടിയ്ക്കു തള്ളിക്കളഞ്ഞതുപോലെ ചെയ്യണമോ? കഷ്ടം, കൃഷ്ണൻ പാടുപെട്ടു പാർഥനിൽ വളർത്തിയെടുത്തു ശക്തിപ്പെടുത്താൻ ഉദ്ദേശിച്ച വിവേകത്തിന് എന്തു സംഭവിച്ചു?

### ജിജ്ഞാസുവിന് മുന്നറിയിപ്പ് മോഹതരണം വിഷമകരം

ഈ അധ്യായത്തിൽ അർജുനൻ നല്കുന്ന മുഖവുര പ്രത്യേക ശ്രദ്ധ ആവശ്യപ്പെടുന്നു:

**മദനുഗ്രഹായ പരമം**
**ഗുഹ്യമധ്യാത്മസംജ്ഞിതം**
**യത്ത്വയോക്തം വചസ്തേന**
**മോഹോऽയം വിഗതോ മമ** (11.1)

അങ്ങ് എന്നെ അനുഗ്രഹിയ്ക്കാൻവേണ്ടി പറഞ്ഞ അധ്യാത്മവാക്കുകളാൽ എന്റെ മോഹമാകെ തീർന്നിരിയ്ക്കുന്നു.

അർജുനൻ സമ്മതിയ്ക്കുന്നു, മുൻഅധ്യായത്തിൽ കൃഷ്ണൻ എന്തു പറഞ്ഞുവോ അതാണ് അധ്യാത്മജ്ഞാനത്തിന്റെ കേന്ദ്രമൂലം. തന്റെ മോഹം അതിനാൽ പൂർണമായും പൊയ്പോയി. ജിജ്ഞാസുമനസ്സിൽ നിന്നു

മോഹം നീങ്ങിക്കഴിഞ്ഞാൽ, പരമസത്യത്തെ അനുഭവിച്ചറിയണമെന്ന തീവ്രത ശക്തിപ്പെട്ട്, പൂർണസ്വാതന്ത്ര്യം നേടണമെന്ന വിചാരമൊഴികെ, മനസ്സിന് ആശിയ്ക്കാൻ എന്തുണ്ട്? എന്നാൽ അടുത്ത ശ്ലോകങ്ങളിൽ അർ ജുനന്റെ സ്വരം വളരെ വ്യത്യസ്തമാണ്.

തീവ്രസാധകന്മാർകൂടി എങ്ങനെ മോഹവലയത്തിൽ ചാടി സ്വലക്ഷ്യം നഷ്ടപ്പെടുത്തുന്നു, അതിനാൽ നല്ലതും ചീത്തയും തിരിച്ചറിയാനുള്ള വിശേഷബുദ്ധി എപ്പോഴും സജീവമാകണമെന്ന മുന്നറിയിപ്പാണ് ഇതു നല്കുന്നത്. വിവേകത്തിനു മങ്ങൽ തട്ടുന്നത് അന്തിമനിമിഷംപോലും ഗൗരവാവഹമായ വീഴ്ചയ്ക്കു കാരണമാകാം.

അനശ്വരമായ പരമതത്ത്വത്തിൽ ജീവരാശികൾ ഉയർന്നുതാഴുന്നു, പരമതത്ത്വത്തിന്റെ ഐശ്വര്യങ്ങളും മികവുകളും എന്തെല്ലാം എന്നൊക്കെ അറിഞ്ഞശേഷം, സങ്കീർണമായ വിശ്വത്തിന്റെ ദുരൂഹഉത്പത്തിലയങ്ങൾ സംഭവിയ്ക്കുന്നതെങ്ങനെയെന്നു ഗ്രഹിച്ചാൽ കൊള്ളാമെന്ന വിചാരം അർജുനനിൽ ശക്തമായി, ഒപ്പം ഒരു സംശയവും. തനിയ്ക്ക് ഇതൊക്കെ കണ്ടുമനസ്സിലാക്കാനുള്ള പാകവും ത്രാണിയും ഉണ്ടോ? അതിനാൽ തക്ക യോഗ്യത തനിയ്ക്കുണ്ടെങ്കിൽ മാത്രം വിശ്വരൂപം പ്രദർശിപ്പിച്ചാൽ മതിയെന്ന് അർജുനൻ തുറന്നുപറയുന്നു!

'യോഗേശ്വര' എന്നു കൃഷ്ണനെ അഭിസംബോധന ചെയ്തുകൊണ്ട്, എന്തു സംഭവിയ്ക്കാൻ പോകുന്നുവോ അതിനു തയ്യാറായിനിന്നു പാർഥൻ (11.2,3,4).

ദയാലുവായ ഗുരു ശിഷ്യന്റെ ആത്മാർഥമായ അഭിലാഷം നിറവേറ്റാറില്ലേ!

ഭഗവദ്ഗീത മഹാഭാരതത്തിന്റെ ഭാഗമാണ്. മഹാഭാരതരചയിതാവ് വ്യാസദേവൻ പറയുന്നു, കൃഷ്ണൻ അർജുനന്റെ അഭിലാഷവും വിഷമവും മനസ്സിലാക്കി, കൂടുതൽ വിജ്ഞാനം നല്കി അർജുനനെ ശക്തിപ്പെടുത്തുന്നു.

കൃഷ്ണന്റെ മറുപടിയിൽ മന:ശാസ്ത്രമികവാണ് ദാർശനികത്തികവേക്കാളും അധ്യാത്മസത്യത്തേക്കാളും പ്രകാശിയ്ക്കുന്നത്.

കൃഷ്ണൻതന്നെ പറഞ്ഞതാണോ മഹാഭാരതത്തിലും ഗീതയിലുമുള്ള വാക്കുകൾ, അതോ വ്യാസദേവന്റെ ഭാവനാത്മകവും വിചാരാത്മകവുമായ സൃഷ്ടിയോ! ആലോചനയ്ക്കും നിഗമനത്തിനും വിധേയമാണ് ഇതെന്നും!

കൈകാര്യംചെയ്യുന്ന വിഷയത്തെ താൻ ഇഷ്ടപ്പെടുന്ന രീതിയിലും ഉദ്ദേശത്തിലും വിവരിയ്ക്കാൻ കവനകുശലനായ രചയിതാവിനുള്ള സ്വാതന്ത്ര്യം സഹജമാണ്. രണ്ടാമധ്യായംമുതൽ കൃഷ്ണൻ പടുത്തുയർത്തി ക്കൊണ്ടുവന്ന സമ്പർക്കാത്മകദർശനവും, സ്ഥിതപ്രജ്ഞന്റേയും

സ്ഥിതധീയുടേയും വിവരണങ്ങളുമാണ് ഈ സംവാദത്തിന്റെ ജീവനാഡി. അങ്ങനെ വരുമ്പോൾ വിശ്വരൂപദർശനത്തിൽ വ്യാസദേവന്റെ രചനാവൈഭവമാണ് കൂടുതൽ തിളങ്ങുന്നത്. വേണ്ടത്ര ഭയാദരം, ആസ്വാദനം, ആസ്തിക്യബുദ്ധിയോടൊപ്പം ദാർശനികബദ്ധതയും ജനിപ്പിയ്ക്കണമെന്ന ഉദ്ദേശവും മറയില്ലാതെ ഒളിവീശുന്നുണ്ട്.

ഈശ്വരഭക്തിയും സരളമനസ്സുമുള്ളവർക്കു വീര്യപരാക്രമപ്രദർശനത്തോടു പ്രത്യേക ചായ്‌വുണ്ടാകും. അവർക്ക് ഈ അധ്യായം തുലോം ആസ്വാദ്യവും ശ്രദ്ധാർഹവുമാണ്. നിഗൂഢ ദിവ്യഭാഷയിലും സ്തുതിവാക്യങ്ങളിലും വ്യാസദേവൻ കരുപ്പിടിപ്പിച്ച വിശ്വരൂപദർശനം സൃഷ്ടിസ്ഥിതിസംഹാരങ്ങൾ ചിത്രീകരിയ്ക്കുന്നു.

കൃഷ്ണൻ അർജുനന്റെ അപേക്ഷ സ്വീകരിച്ചു പറഞ്ഞു: "ഞെട്ടിയ്ക്കുന്ന ദിവ്യത്വം പ്രകാശിപ്പിച്ചുകൊണ്ട്, അതിശയാവഹമായ ആകൃതികളും നിറങ്ങളുമുള്ള ബഹുസഹസ്രം രൂപഭാവങ്ങൾ കണ്ടുകൊൾക. പിന്നെ എന്തെല്ലാം കാണണമെന്നുണ്ടോ അതൊക്കെയും എന്നിൽ വീക്ഷിച്ചു കൊൾക. ഇതൊക്കെ ഒറ്റ ഉറവിടത്തിലാണ് നിലകൊള്ളുന്നത്. സൂര്യന്മാർ, കാറ്റ്, എവിടെയും കണ്ടിട്ടോ കേട്ടിട്ടോ ഇല്ലാത്ത വിവിധ ഭാവരൂപങ്ങൾ മുമ്പിലിതാ കാണൂ."

കൃഷ്ണൻ, അല്ല വ്യാസദേവൻ, ഉപയോഗിയ്ക്കുന്ന വാക്കുകൾ, അവയിൽ തിളങ്ങിനില്ക്കുന്ന ആത്മാർഥത, എല്ലാംതന്നെ താൻ നല്കുന്ന സന്ദേശത്തെ ദാർശനികമായി കേന്ദ്രീകൃതവും, മന:ശാസ്ത്രപരമായി ഉത്തുംഗവുമാക്കാനുള്ള ഗഹനസംഭാവനയാണ്. ഭാരതീയശാസ്ത്രങ്ങൾ എങ്ങനെ അവയുടെ ദൗത്യത്തിലും ഉള്ളടക്കത്തിലും സന്ദേശത്തിലും നിസ്തുലമായി പ്രകാശിയ്ക്കുന്നുവെന്നു തെളിയുന്നത് ഇവിടെയാണ്.

കുരുക്ഷേത്രയുദ്ധഭൂമിയിലാണ് ഈ സംവാദം നടന്നത്; ജിജ്ഞാസുവും അദ്ദേഹത്തിന്റെ ഉപദേഷ്ടാവും തമ്മിൽ നടന്ന സാന്ദ്രസമ്പർക്കമാണത്. ജിജ്ഞാസു കണ്ടെത്തിയ പൂർണമായ ആശ്രയവും നങ്കൂരവുമാണ് ഉപദേഷ്ടാവ്. ഇത്തരം സംഭവത്തിന് അതിന്റേതായ ഉദാത്തതയും പവിത്രതയും സമഗ്രതയും കാണും. അർജുനൻ തക്ക ആശ്വാസവും പ്രബോധനവും നേടാനുള്ള നില്പിലാണ്. വേണ്ടത്ര ആവേശവും ഉറപ്പും ദിശയും അർജുനൻ കൃഷ്ണനിൽനിന്ന് ഉറ്റുനോക്കുന്നു. ഉപദേഷ്ടാവ് ശിഷ്യമനസ്സിനെ പ്രകാശവികാസത്തിന്റെ ഉന്നതതലങ്ങളിലേയ്ക്ക് എത്തിയ്ക്കാൻ തയ്യാറായിരിയ്ക്കയാണ്.

ഈ ചേർച്ച, ദാതൃസ്വീകർതൃപ്പൊരുത്തം, എങ്ങനെ അത്യുത്തമവും ഫലപ്രദവുമാക്കാൻ കഴിയുമെന്നു മാത്രമാണ് രണ്ടുപേരുടേയും പരിഗണന.

**പരാജയമേശാത്ത പ്രകൃതിവ്യവസ്ഥ, ആത്മാർഥതയുള്ള ജിജ്ഞാസു, അസീമമായ അനുഭാവമുള്ള തത്ത്വോപദേഷ്ടാവ്, ഈ മൂന്നുമാണ്**

**ചുറ്റുമുള്ള ഘടകങ്ങളെ ദുരൂഹമാംവിധം യോജിപ്പിച്ച്, ജിജ്ഞാസു സംശയങ്ങൾ തീർക്കാനുള്ള ദൗത്യത്തെ വേണ്ടത്ര ശക്തിപ്പെടുത്തി സുഗമമാക്കുന്നത്.**

### ക്രിയാത്മകസന്ദേശത്തിന് ചിത്രാവതരണശൈലിയും

ബുദ്ധി അസമർഥമാകുന്നിടത്തു ഭാവനയ്ക്കു വേണ്ടത്ര ബലവും താങ്ങും നല്കേണ്ടിവരും. മനുഷ്യവ്യക്തിത്വം ബുദ്ധിക്കസർത്തിനും വികാരത്തള്ളിച്ചയ്ക്കും വിധേയമാണ്. രണ്ടും സമഞ്ജസമായി വിനിയോഗിച്ചാൽ ജിജ്ഞാസുവഭിലാഷങ്ങൾ നിറവേറും. ഈ പശ്ചാത്തലത്തിലാണ് കൃഷ്ണന്റെ വാക്കുകൾ സുപ്രധാനമാകുന്നത്:

**ഇഹൈകസ്ഥം ജഗത് കൃത്സ്നം**
**പശ്യാദ്യ സചരാചരം**
**മമ ദേഹേ ഗുഡാകേശ**
**യച്ചാന്യദ് ദ്രഷ്ടുമിച്ഛസി** (11.7)

ജഗത്തുമുഴുവനും എന്റെ ശരീരത്തിൽ ഇതാ കാണൂ. അതിലുള്ള ചരാചരങ്ങളടക്കം എല്ലാംതന്നെ ഒരേയൊന്നിലാണ് ഊന്നിനില്ക്കുന്നത്. കൂടുതലായി എന്തെല്ലാം കാണാൻ ഇച്ഛിയ്ക്കുന്നുവോ, അതും കണ്ടുകൊൾക.

കൃഷ്ണൻ അർജുനനോടു പറയുന്നു, “അഭിലഷിയ്ക്കുന്നതു മുഴുവനും ശ്രദ്ധയോടെ നോക്കിക്കാണുക”. കൃഷ്ണൻ വിവരിച്ച വിഭവങ്ങളും മഹിമകളും ഐശ്വര്യങ്ങളുമെല്ലാം ഒരേ പരമതത്ത്വത്തിൽ ഉറവെടുക്കുന്നുവെന്നു മനസ്സിലാക്കുക.

ഗുരുശിഷ്യബന്ധത്തിലെ ആഴവും സാന്ദ്രതയുമാണ് പലപ്പോഴും വിശ്വസിയ്ക്കാനാവാത്ത ദിവ്യത്വവും ആധികാരികതയും ദൗത്യവും ഗുരുവിൽ പ്രകടമാകാൻ വഴിവെയ്ക്കുന്നത്. ശിഷ്യമനസ്സിനും ഹൃദയത്തിനും ഉത്സാഹതീവ്രത ജനിപ്പിയ്ക്കുന്നതാണ് ഇതൊക്കെ.

അർജുനന്നോ മറ്റാർക്കുംതന്നേയോ തൊട്ടടുത്തു നില്ക്കുന്ന ആരെ നോക്കിയാലും കണ്ണിൽപ്പെടുന്നതു ശരീരമാണ്. ആരിലുമുള്ള ആത്മാ അദൃശ്യമാണല്ലോ. കണ്ണും മറ്റിന്ദ്രിയങ്ങളും സ്ഥൂലവസ്തുക്കളെ മാത്രമല്ലേ ഗ്രഹിയ്ക്കൂ.

“നോക്കു അർജുന, ഈ ജഗത്തു മുഴുവനും, അതിലുള്ള സ്ഥാവരജംഗമസൃഷ്ടിയാകെ, ഇതെത്രതന്നെ വിവിധമായാലും, നില്ക്കുന്നത് ഒരേയൊരു മൂലത്തിലാണ്. സംഖ്യോപസംഖ്യം വസ്തുക്കളെല്ലാം ചുറ്റിത്തിരിയുന്നത് ഒറ്റ കേന്ദ്രീയതയെച്ചൊല്ലിതന്നെ”. ഏഴാം അധ്യായം മുതല്ക്കേ കൃഷ്ണൻ അസ്തിത്വത്തിന്റെ ഈ ഏകീകൃതഭാവം വിവരിച്ചു പോരുന്നു. അതിപ്പോഴും ആവർത്തിയ്ക്കുന്നു. അതിന്റെ ദൃശ്യചിത്രീകരണമാണ് വിശ്വരൂപപ്രദർശനത്തിൽ!

"എന്തെല്ലാം കാണാൻ ഇച്ഛിയ്ക്കുന്നുവോ അതുമുഴുവനും കണ്ടു കൊൾക"; ഇതിനർഥം വസ്തുനിഷ്ഠവും ഭാവനാത്മകവുമായ സൃഷ്ടിവിശേഷങ്ങളും വിശ്വരൂപദൃശ്യത്തിൽ ഉണ്ടാകുമെന്നുതന്നെ. ഇങ്ങനെ വാസ്തവവും സാങ്കല്പികതയും കൂട്ടിച്ചേർക്കുന്നതു മനുഷ്യമനസ്സിന്റെ വിരുതാണ്. ഗദ്യപദ്യസാഹിത്യങ്ങളിൽ എങ്ങും കാണാവുന്നതാണ് ഇത്.

ഇന്ദ്രിയങ്ങളുടെ സഹായത്തോടെ പ്രവർത്തിയ്ക്കുന്ന വെറും ഉപകരണമല്ല മനുഷ്യമനസ്സ്. **മനസ്സിനു തനതായ മഹിമയും സാധ്യതകളുമുണ്ട്. സ്വതന്ത്രമായി കാണാനും സമ്പർക്കം പുലർത്താനും അതിനു കഴിയും. തന്റെ പ്രഭാവം കൊണ്ടുമാത്രമാണ് വേണ്ടത്ര ദൃശ്യകൗതുകങ്ങൾ അതു ചുറ്റും വിടർത്തിയിരിയ്ക്കുന്നത്.** ഇതിന്റെ തെളിവാണല്ലോ സ്വപ്നാവസ്ഥയിൽ നടക്കുന്നതെല്ലാം.

മനസ്സിന്റെമാത്രം വേലയാണ് സ്വപ്നം. മനസ്സ് ഒറ്റക്ഷണത്തിൽ ശരീരത്തിനുള്ളിൽ ഭൂമി, വെള്ളം, കാറ്റ്, ആകാശം എന്നീ എല്ലാറ്റേയും രചിയ്ക്കുന്നു. അനന്തരമാണല്ലോ സമ്പർക്കം തുടങ്ങുന്നത്. ഇതേ മനസ്സാണ് അർജുനനിൽ ഇപ്പോൾ പ്രവർത്തിയ്ക്കുന്നത്. ഇക്കാര്യത്തിൽ മനസ്സിനു തോന്നുന്ന ഇണക്കവും സാമഞ്ജസ്യവുമാണ് ദൃശ്യവത്കരണത്തിന്റെ കനവും ശക്തിയും നിശ്ചയിയ്ക്കുക. അർജുനനും കൃഷ്ണനും ഇതിൽ ആദർശജോഡിയാണ്.

തീവ്രഭക്തിയുള്ളവൻ ഗുരുവിന്റെ സാന്നിധ്യത്തിനു ചുറ്റും അദ്ഭുത കാഴ്ചകൾ കാണുന്ന ഘട്ടങ്ങൾ വിരളമല്ല. ഓരോ ദൃശ്യത്തിനുമുള്ള വലിപ്പവും പാരമ്യതയും മാറാമെന്നുമാത്രം. ഇതിൽ പ്രധാനപ്പെട്ട സംഭവങ്ങൾ ശാശ്വതരീതിയിൽ പകർത്താനും വിവരിയ്ക്കാനും ആരെങ്കിലും വേണം. അതിനുതക്ക തത്ത്വവീക്ഷണവും, കണ്ട കാര്യങ്ങൾ അർഥവത്തും ആശയദീപ്തവും ലക്ഷ്യനിർവാഹകവുമായി വിവരിയ്ക്കത്തക്ക കഴിവും ആ ആൾക്ക് ഉണ്ടാകണം!

രാമായണം, മഹാഭാരതം തുടങ്ങിയ ഇതിഹാസങ്ങളുടെ ഘടനയിൽ പ്രധാനമാണ് അർഥവാദം അഥവാ പുകഴ്ത്തിപ്പറയൽ. ക്രിയാത്മകരചന ഫലപ്രദമാകുന്നത് അനുവാചകരിൽ ആവോളം ആകർഷണവും ആസ്വാദനവും രചിയ്ക്കുമ്പോഴാണ്. അതുവഴി പ്രയോജനപ്രദമായ ലക്ഷ്യത്തിലേയ്ക്ക് അവരെ നയിയ്ക്കയും വേണം. അർഥവാദം ഇങ്ങനെ ആവശ്യവും സമ്മതവുമായിത്തീരുന്നു.

ഒരു തലയുള്ള ആന ഇതിഹാസവിവരണത്തിന് അർഹമേയല്ല; എന്നാൽ നൂറുതലയുള്ള ആനയായാലോ! അത് അത്യന്താകർഷകമായി, മനസ്സിനെ കവർന്നെടുക്കയായി. ഭാവനാചാതുര്യത്തിനേ അങ്ങനെയൊന്നു സമ്മാനിയ്ക്കാനാവൂ!

അത്യുന്നതമായ ആകർഷണങ്ങളും മൂല്യങ്ങളും രചിയ്ക്കുന്നതാണ്

ഉദ്ദേശമെന്നുവരുമ്പോൾ ആ ദൗത്യം പ്രശംസാർഹമാകുന്നു. അതുകൊണ്ടാണ് പുകഴ്ത്തിപ്പറയൽ ഇതിഹാസരചനയിൽ സുചിന്തിതമായ അലങ്കാരമായി സ്ഥാനംപിടിച്ചത്, ഗണ്യമായ വിജ്ഞാനം നല്കി അതു സന്ദേശത്തെ സ്പന്ദമാനമാക്കുന്നത്!

വ്യാസദേവൻ വിശ്വരൂപദർശനത്തെ വേണ്ടത്ര മുൻചിന്ത നല്കി പോഷിപ്പിയ്ക്കുന്നതു കാണാം. അങ്ങനെയാണ് സാധാരണ കണ്ണുകൾ അതു കാണാൻ അപര്യാപ്തമാണെന്ന് എടുത്തുപറയുന്നത്, അതിനാൽ ദിവ്യദൃഷ്ടി ആവശ്യമാണെന്നും ഊന്നിപ്പറയുന്നു. എന്തു മുൻകരുതൽ, നിഷ്കർഷ, ആർദ്രത!

**ന തു മാം ശക്യസേ ദ്രഷ്ടും-**
**അനേനൈവ സ്വചക്ഷുഷാ**
**ദിവ്യം ദദാമി തേ ചക്ഷുഃ**
**പശ്യ മേ യോഗമൈശ്വരം** (11.8)

അർജുന, നിനക്കു നിന്റെ സാധാരണ കണ്ണുകൾകൊണ്ട് ഈ വിശ്വവ്യാപ്തി ഗ്രഹിയ്ക്കാനാവില്ല. അതുകൊണ്ട് ഞാൻ ദിവ്യദൃഷ്ടി നല്കുന്നു. തന്മൂലം എന്റെ ഈ പ്രൗഢവും അത്യുത്തുംഗവുമായ പ്രഭാവവിലാസം കണ്ട് ഗ്രഹിയ്ക്കാനാവും.

നമ്മുടെ കണ്ണുകൾ നീളം, വീതി, കനം എന്നീ ത്രിമാനങ്ങൾ നല്കി ലോകദൃശ്യങ്ങളെ പ്രത്യക്ഷപ്പെടുത്തുന്നു. പക്ഷേ സൃഷ്ടിയുടെയാകെയുള്ള സ്രോതസ്സു കാണാൻ ഇതേ ഇന്ദ്രിയങ്ങൾ അപര്യാപ്തമാണ്. അതിനാൽ നമുക്ക് അവയുടെ വ്യാപ്തിയ്ക്കപ്പുറത്തേയ്ക്കു കുതിയ്ക്കേണ്ടിവരുന്നു. അങ്ങനെയാണ് വ്യാസദേവൻ സാധാരണവിട്ടുള്ള ഉന്നതക്കാഴ്ചയെപ്പറ്റി പറയുന്നത്.

വാസ്തവത്തിൽ അധ്യാത്മയത്നത്തിന്റെ ലക്ഷ്യംതന്നെ അങ്ങനെയൊരു ഉന്നതമാനത്തിലേയ്ക്കു മനുഷ്യമനസ്സിനെ ഉയർത്തിയെടുക്കുന്നതാണ്. കാഴ്ച കൂട്ടാനായി കൂടുതല്ക്കൂടുതൽ മെച്ചപ്പെട്ട ഉപകരണങ്ങൾ വിനിയോഗിയ്ക്കുന്നുവെങ്കിലും കണ്ണിനു സ്വതവേയുള്ള പരിമിതികൾക്കു മാറ്റംവരുന്നില്ല. ഒരു ബാഹ്യോപകരണത്തിനും അസ്തിത്വത്തിന്റെ പരമവും സൂക്ഷ്മവുമായ മേഖലകളിൽ പ്രവേശിയ്ക്കാനാവില്ലല്ലോ. അതിനാൽ വിശ്വവ്യാപ്തി ഗ്രഹിയ്ക്കുന്നതിന് അർജുനൻ ആവശ്യപ്പെടുന്നതും കൃഷ്ണൻ നല്കുന്നതുമായ ദർശനക്ഷമതയ്ക്കായി ദേഹത്തിനുള്ളിലെ അധ്യാത്മതലത്തിലേയ്ക്ക് ഇറങ്ങിച്ചെല്ലേണ്ടിവരും.

വിഗ്രഹാരാധനയുടെ അപര്യാപ്തത ഇതു തുലോം വ്യക്തമാക്കുന്നു. ക്ഷേത്രത്തിലെത്തുന്നവരുടെ മുഖ്യകേന്ദ്രീകരണം കണ്ണുകളെ ശ്രീകോവിലിലുള്ള വിഗ്രഹത്തിൽ പതിപ്പിയ്ക്കുന്നതിലാണ്. പക്ഷേ ആ വിഗ്രഹം പ്രതിനിധാനംചെയ്യുന്ന വിശ്വവ്യാപകസാന്നിധ്യത്തെ പുണരുന്നതാണ്

വാസ്തവത്തിൽ ആവശ്യമെന്നുവരുമ്പോൾ, ഓരോരുത്തനും ശോചനീയമായി പരാജയപ്പെടുന്നു. വിഗ്രഹം എന്തിനെ പ്രതിനിധാനംചെയ്യുന്നുവോ, അതു കണ്ടെത്താനോ അതേപ്പറ്റി ആലോചിച്ചു നോക്കാനോ അവർ ശക്തരാകുന്നില്ല, അതിനു ശ്രമിയ്ക്കുന്നുമില്ല. ഇതിലും വലിയ ദു:സ്ഥിതിയെന്ത്?

തുലോം വിസ്തൃതവും വിവിധവുമായ അസ്തിത്വത്തെ ഒറ്റ ഉറവിടത്തിൽ നിലകൊള്ളുന്നതായി ദേഹത്തിലെ കണ്ണുകൊണ്ട് കാണാൻ സാധ്യമല്ല. ചുറ്റുമുള്ള വൈവിധ്യം കണ്ണു കണ്ടെത്തവേ, അതിനെ ഭാവനയിൽ തെളിയുന്ന ഏകതയുമായി ഘടിപ്പിയ്ക്കുന്നതു വിവേചനശീലമുള്ള മനസ്സിന്റേയും ബുദ്ധിയുടേയും ദൗത്യമാണ്. ആദ്യത്തേതു ബാഹ്യത്തിന്റെ കൈവേലയാണെങ്കിൽ, രണ്ടാമത്തേത് ആന്തരവും സൂക്ഷ്മവുമായ സമ്മാനമത്രെ! ഇന്ദ്രിയങ്ങളുടേയും മനസ്സിന്റേയും മഹത്വമുറ്റ സംയോഗം അഥവാ ചേർച്ചയാണ് ഇതിനാവശ്യം, സ്ഥൂലസൂക്ഷ്മങ്ങളുടെ ഒത്തുപ്രവർത്തിയ്ക്കൽ.

ശിഷ്യനോ ജിജ്ഞാസുവിനോ ഇതു സ്വയംനേടാൻ കഴിയില്ല. പക്ഷേ നന്മയും അനുഗ്രഹവും അരുളുന്ന സദ്ഗുരുവിന് ഇതിനുവേണ്ട ഉദാത്തമായ സാമഞ്ജസ്യവും ഇണക്കവും രചിയ്ക്കാനും അവരോധിയ്ക്കാനും കഴിയും. വ്യാസദേവൻ അർജുനനേയും കൃഷ്ണനേയും നമ്മുടെ മുമ്പിൽ നിർത്തിക്കൊണ്ട് ഈ അപൂർവ മഹത്വമാണ് തെളിയിയ്ക്കുന്നത്.

ഗ്രന്ഥരചയിതാവായ തപോധനൻ സാഹിത്യപ്രാഗല്ഭ്യവും ഭാവനാനൈപുണ്യവും ഒത്തിണക്കി ഈ അനന്യനേട്ടം വെളിപ്പെടുത്താൻ തക്ക വാക്കുകളും സന്ദേശവും വിനിയോഗിയ്ക്കുന്നു. അത് അർജുനനെപ്പോലുള്ളവർക്കു നിസ്തുലനിധിയായി യുഗന്തോറും പ്രശോഭിയ്ക്കയുംചെയ്യുന്നു.

അന്യഥാ അധ്യാത്മവും ദാർശനികവുമായ സംവാദത്തിനുള്ള വിജ്ഞാപകമഹിമയെ എത്രയോ അതിശയിയ്ക്കുന്നു ഈ രംഗം നല്കുന്ന ആവേശോജ്ജ്വലതയും ഉത്സാഹപാരമ്യതയും. ആന്തരമായ മാസ്മരിക വ്യാപ്തിയും വിശദതയുമാണ് കൃഷ്ണൻ അർജുനനിൽ ഉജ്ജ്വലിപ്പിയ്ക്കുന്നത്. കാരണം, അതുവഴിവേണം വിശ്വവ്യാപകമാനത്തെ, അതിന്റെ സമഗ്രസങ്കീർണതയോടെ കാണാനും ഗ്രഹിയ്ക്കാനും.

ഇവിടെ വ്യാസദേവൻ സഞ്ജയനെ ആനയിയ്ക്കുന്നു. അർജുനന്റെ അപേക്ഷയും നിവേദനവും കണക്കിലെടുത്തുകൊണ്ട് കൃഷ്ണൻ വിസ്മയകരമായ മാനത്തോടെ നില്ക്കുന്നു. ആവേശത്തിലും ഉത്കണ്ഠയിലുമാണ്ട് അർജുനനും പൂർണവിശ്വാസസമർപ്പണത്തോടെ കൃഷ്ണൻ എന്തുചെയ്യുന്നുവെന്നു നോക്കിനില്ക്കയാണ്, കൃഷ്ണൻ നല്കിയ പുതിയ ദൃഷ്ടിയോടെ. അനന്തരം സംഭവിയ്ക്കുന്നതോ, അത്യന്തം ഉത്തേജകവും രോമഹർഷകവും, അത്യുന്നതമായ സന്ദേശവും മഹിമയും തൊടുത്തുകൊണ്ട്!

സഞ്ജയൻ പറയുന്നു:

**ഏവമുക്ത്വാ തതോ രാജൻ**
**മഹായോഗേശ്വരോ ഹരിഃ**
**ദർശയാമാസ പാർഥായ**
**പരമം രൂപമൈശ്വരം** (11.9)

രാജാവെ, ഇങ്ങനെ പറഞ്ഞുകൊണ്ട് യോഗേശ്വരനായ ഹരി പാർഥനു പരമദിവ്യരൂപം വെളിപ്പെടുത്തി.

സഞ്ജയൻ നല്കിയിരുന്ന വിവരണത്തിനിടയിലാണല്ലോ ധൃത രാഷ്ട്രൻ ചോദിച്ചത്: "എന്റെ മക്കളും പാണ്ഡുപുത്രരും കുരുക്ഷേത്രത്തിൽ എന്തു ചെയ്തു?"പടക്കളത്തിൽ അണിനിരന്നവർ പടയല്ലാതെ വേറെയെ ന്താണ് ചെയ്യുക?

പക്ഷേ ധൃതരാഷ്ട്രൻ അറിയാൻ ആവശ്യപ്പെട്ടതു യുദ്ധം ചെയ്തുവോ ഇല്ലയോ എന്നല്ല. യുദ്ധം തുടങ്ങി, കുറേ ദിവസങ്ങൾ നീങ്ങിയിരുന്നു. തന്റെ അന്വേഷണം അതിനാൽ യുദ്ധമല്ലാതെ മറ്റു വല്ലതും കുരുക്ഷേത്ര ത്തിൽ നാന്ദിയായി നടന്നുവോ എന്നാണ്.

അതിനുത്തരമാണ് സഞ്ജയൻ നല്കുന്നത്. യുദ്ധകാഹളങ്ങൾ മുഴ ക്കിക്കഴിഞ്ഞു. ശരവിസർജനമാണ് ഇനി. കൃഷ്ണനെ സാരഥിയാക്കിയ അർജുനന്റെ ഭാവവികാരങ്ങൾ പെട്ടെന്നാണ് മാറിയത്. യുദ്ധത്തിന്റെ സ്വ ഭാവവും ഭവിഷ്യത്തുകളും അർജുനനെ വല്ലാതെ സ്തബ്ധനാക്കി. ധാർ മികവും ദാർശനികവുമായ പല സംശയങ്ങളും ചോദ്യങ്ങളുമായി അർ ജുനൻ കൃഷ്ണന്റെ മുമ്പിൽ ഇരുന്നു. പെട്ടെന്നു പിടിപെട്ട ഈ പ്രതിസ ന്ധിയെ തുടർന്നാണ് ഭഗവദ്ഗീതാസംവാദം ഉണ്ടായത്.

തപസ്വി, ഗ്രന്ഥകർത്താവ്, യുദ്ധം തുടങ്ങുന്നതിനുമുമ്പേ സഞ്ജയനു ദിവ്യദൃഷ്ടി നല്കേണ്ടത് ആവശ്യമാണെന്നു കരുതി. യുദ്ധക്കളത്തിലും പട്ടാളസങ്കേതത്തിലുമെല്ലാം എന്തു നടക്കുന്നുവെന്നു സഞ്ജയന് അറി യാൻ കഴിയണം; തന്നെ ആരും കാണരുതുതാനും. അതനുസരിച്ച്, സ ഞ്ജയൻ സംഭവങ്ങളെല്ലാം നിരീക്ഷിച്ചുകൊണ്ടിരുന്നതിനിടയിലാണ് അർ ജുനകൃഷ്ണസംവാദം കേൾക്കാനിടയായത്. വിശ്വരൂപപ്രദർശനം അതിൽ പ്പെട്ടതാണല്ലോ.

സഞ്ജയന്റെ വിവരണവും അഭിപ്രായവും വേണ്ടത്ര ആലോചന യ്ക്കു വകനല്കുന്നതാണ്: അതിശയാവഹമായ ദിവ്യത്വമാണ് വിശ്വരൂപം പ്രകടമായ കൃഷ്ണശരീരത്തിൽ അർജുനൻ ദർശിച്ചത്. വിശ്വരൂപത്തിന് എല്ലാവിധ അനന്തതയും ഗഹനതയുമുണ്ട്. ഒട്ടനവധി മുഖങ്ങളും കണ്ണു കളും മറ്റവയവങ്ങളുമാണതിൽ. അത്യാകർഷകമായ ആഭരണങ്ങൾ അണിഞ്ഞിരിയ്ക്കുന്നു, വിശേഷപ്പെട്ട ആയുധങ്ങളുമുണ്ട്, കൂട്ടത്തിൽ മാലകളും വസ്ത്രങ്ങളും, ദേഹമാകെ ചന്ദനം പുരട്ടിയിരിയ്ക്കുന്നു.

വിശ്വരൂപമുഖം സർവദിശകളിലും തിരിയുന്നതു കാണാം. ഇവയെല്ലാം അർജുനനെ ആശ്ചര്യത്താലും ആദരാതിരേകത്താലും മൂടി. വിശ്വരൂപം ഉയർത്തിയ പ്രകാശം ആയിരം സൂര്യന്മാർ ഒരുമിച്ച് ഉദിച്ചപോലെയായിരുന്നു.

സഞ്ജയൻ കൂട്ടിച്ചേർക്കുന്നു, കൃഷ്ണദേഹത്തിൽ പ്രപഞ്ചം മുഴുവനും നിലനില്ക്കുന്നതായാണ് അർജുനൻ കണ്ടത്. ഒരേ ഉറവിടത്തിൽ തെളിഞ്ഞുനിന്ന ഈ വിസ്മയാവഹമായ വൈവിധ്യം, അന്യഥാ ഇന്ദ്രിയങ്ങൾക്കുചുറ്റും ശക്തമായി പരിലസിയ്ക്കുന്ന ദൃശ്യബഹുലതയെയാകെ ഒറ്റടിയ്ക്കു നിരാകരിച്ച്, അസ്തിത്വത്തിന്റെ ഏകത സംശയലേശമെന്യേ വെളിപ്പെടുത്തുന്നു.

വ്യാസദേവൻ വായനക്കാരേയും ശ്രോതാക്കളേയും പവിത്രമായ അധ്യാത്മമനനത്തിലേയ്ക്കു കൊണ്ടുപോകാൻ ഇഷ്ടപ്പെടുന്നു. അതിന്റെ ഭാഗമാണ് അടുത്ത വിവരണം:

**തതഃ സ വിസ്മയാവിഷ്ടോ**
**ഹൃഷ്ടരോമാ ധനഞ്ജയഃ**
**പ്രണമ്യ ശിരസാ ദേവം**
**കൃതാഞ്ജലിരഭാഷത** (11.14)

അനന്തരം ധനഞ്ജയൻ ആശ്ചര്യസ്തബ്ധനായി രോമഹർഷത്തോടെ കൃഷ്ണപാദങ്ങളിൽ വീണു കൈകൂപ്പി ഉണർത്തിച്ചു.

മുമ്പിൽ കണ്ടത് അർജുനനെ അദ്ഭുതത്തിലാഴ്ത്തി, രോമാഞ്ചം കൊണ്ട് നിറച്ചു. അതിഭയങ്കരമായ ആ വിശ്വരൂപം അർജുനനു നോക്കിനില്ക്കാനായില്ല. കൃഷ്ണനെ പ്രണമിച്ചുകൊണ്ട് അർജുനൻ പറയാൻ തുടങ്ങി.

■